# ഷിക്കാഗോയിൽ മഞ്ഞു പെയ്യുകയായിരുന്നു!

തമ്പി ആന്റണി, കാലിഫോണിയ

മനസുകളിൽ
മരച്ചില്ലകളിൽ
തീ പടരുന്ന
ഷിക്കാഗോയിലെ
ശിഥിലമായ
എതോ
ശിശിരകാലത്ത്
തീയണയാത്ത
തീക്കനലുകൾ
താഴ്വാരത്തെ
പാഴ്മരച്ചില്ലകളിൽ
തകർന്ന
ദേവദാസിശില്പങ്ങളുടെ
പ്രാക്തനവിലാപംപോലെ
ഗതിയറ്റു കിടന്നു.
തടാക തീരങ്ങളിലെ
മേപ്പിൾ മരങ്ങൾ
ചുവന്ന നിഴലുകളായി
ഓളങ്ങളിലലിഞ്ഞു.
വെള്ള പുതയ്ക്കാനായി
നനുത്ത പുൽമേടുകൾ
വെറുതെ കാത്തിരുന്നു.
മഞ്ഞുകാലത്തെ
പുണരാനായി
പ്രകൃതി
നഗ്നസുന്ദരിയായി
ആനന്ദലഹരിയിൽ
നാണം മറന്നു.
കാറ്റിൻ നഗരത്തിൽ
കുളിരുള്ള ഓർമ്മകൾ
അലഞ്ഞലഞ്ഞ്.. .. ..
മൗനമാനസങ്ങളിലെ
മധുരാനുരാഗംപോലെ
ചിക്കാഗോയിലെ
മേഘങ്ങളിൽ
അപ്പോഴും
മഞ്ഞു പെയ്യുകയായിരുന്നു.

* കാറ്റിൻ നഗരം (വിൻഡി സിറ്റി) ഷിക്കാഗോയുടെ അപരനാമം.